നം.എ5-4160/2023/ജി.എച്ച്.റ്റി

ജനറൽ ആശുപത്രി
തിരുവനന്തപുരം
തീയതി,16/06/2023

## ലേല പരസ്യം

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ കോമ്പൗണ്ടിനുള്ളിൽ സൂപ്രണ്ട് നിശ്ചയിച്ചു നൽകുന്ന സ്ഥലത്ത് 10/07/2023 മുതൽ 12 മാസ കാലയളവിലേയ്ക്ക് ഭക്ഷണശാല(ക്യാന്റീൻ) നടത്തുന്നതിനും, സ്വന്തം ഉത്തരവാദിത്വത്തിൽ ഭക്ഷണം കുറഞ്ഞ നിരക്കിൽ നൽകുന്നതിലേക്കുമായി (ഫുഡ് സേഫ്റ്റി ലൈസൻസുള്ള) അംഗീകൃത സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസ് അനുയോജ്യമായി തോന്നുന്ന പക്ഷം അംഗീകരിക്കുന്നതാണ്. ദർഘാസ് ഫോറം 01/07/2023പകൽ 5 മണി വരെ വിതരണം ചെയ്യുന്നതാണ്. 03/07/2023 പകൽ 11 മണി വരെ ദർഘാസ സ്വീകരിക്കുന്നതും, അന്നേ ദിവസം 3 മണിയ്ക്ക് ഹാജരായ ദർഘാസ് സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറന്ന് കൂടുതൽ തുക മാസവാടക ഇനത്തിൽ (ഇലക്ട്രിസിറ്റി/വെള്ളം ചാർജ്ജ് ഒഴികെ) രേഖപ്പെടുത്തുന്ന സ്ഥാപനത്തിന് നിബന്ധനകൾക്ക് വിധേയമായി ക്യാന്റീൻ നടത്തിപ്പിന് അനുമതി നൽകുന്നതാണ്. മുൻവർഷത്തെ വാടകയെക്കാൾ (76,000/-രൂപ) ഉയർന്ന വില സമർപ്പിക്കുന്ന ദർഘാസുകൾ മാത്രം ലേലത്തിന് പരിഗണിക്കുന്നതാണ്. ദർഘാസ് സംബന്ധമായ എല്ലാ നടപടിക്രമങ്ങളുടെയും പൂർണ്ണമായ അധികാരം സൂപ്രണ്ടിനായിരിക്കും. കിഫ്ബി സഹകരണത്തോടു കൂടി നടപ്പിലാക്കുന്ന മാസ്റ്റർ പ്ലാൻ പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ പൊളിച്ചു മാറ്റപ്പെടുന്ന കെട്ടിടങ്ങളിൽ നിലവിലെ ക്യാന്റീൻ കെട്ടിടവും ഉൾപ്പെടുന്നതിനാൽ ടി കെട്ടിടം പൊളിച്ചുമാറ്റുന്ന സമയത്ത് സൂപ്രണ്ട് നിശ്ചയിച്ച് നൽകുന്ന സ്ഥലത്ത് തന്നെ ക്യാന്റീൻ തുടർന്ന് പ്രവർത്തിപ്പിക്കേണ്ടതാണ്.. ഫുഡ് സേഫ്റ്റിലൈസൻസിന്റെ പകർപ്പ് ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. ക്യാന്റീൻ നടത്തി മുൻ പരിചയമുള്ള അംഗീകൃത സ്ഥാപനങ്ങൾക്ക് നിയമാനുസൃത മുൻഗണന നൽകുന്നതാണ്. ആശുപത്രി ജീവനക്കാർക്ക് സൗജന്യ നിരക്കിൽ ഭക്ഷണം നൽകേണ്ടതാണ്.

ക്യാന്റീനിൽ വിൽക്കാൻ അനുവദനീയമായ ഭക്ഷണപദാർത്ഥങ്ങളുടെ പരമാവധി വിലവിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി അളവും വിലയും കൃത്യമായി പാലിച്ചുകൊണ്ട് ഗുണമേന്മയും, വൃത്തിയും ഉള്ള ഭക്ഷണം വിതരണം ചെയ്യേണ്ടതാണ്.

ഭക്ഷണ പദാർത്ഥം അല്ലാത്ത മറ്റ് സാധനങ്ങൾ വിൽക്കാൻ പാടുള്ളതല്ല..രോഗികൾക്കു തിളപ്പിച്ച വെള്ളം തണുപ്പിച്ചു സൗജന്യമായി നൽകേണ്ടതാണ്.ഭക്ഷണ പാർസൽ പാത്രങ്ങളിൽ മാത്രം നൽകേണ്ടതും പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണമായി ഒഴിവാക്കേണ്ടതുമാണ്.

ഇത് സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് ആഫീസ് പ്രവർത്തി ദിവസങ്ങളിൽ നേരിട്ടോ, 0471-2307874 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്. EMD-Rs.10,000/- ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ തിരുവനന്തപുരം സിറ്റിയിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്.

**ദർഘാസ് ഫോറം വില-1500 രൂപ+ വാറ്റ്.**

സൂപ്രണ്ട്
16/6

പകർപ്പ്:-

1. ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം/ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം), തിരുവനന്തപുരം//ജനറൽ ആശുപത്രി, തിരുവനന്തപുരം നോട്ടീസ് ബോർഡ്
2. ശേഖരം/കരുതൽ ശേഖരം.